അനുബന്ധ സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുമായി സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾക്ക് 10 ലക്ഷം രൂപാവീതം അനുവദിച്ചിട്ടുണ്ട്.

182 (1542) സ്പോർട്ട്സ് അതോറിറ്റി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് അതോറിറ്റി രൂപീകരിക്കുന്നതിനു വേണ്ടിയുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എവിടെയെല്ലാം സ്പോർട്ട്സ് പ്രോജക്ട് ഡെവലപ്പ്മെന്റ് ഏരിയാ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ഇത്തരത്തിലുള്ള പുതിയ സെന്ററുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്പോർട്ട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനും, അതിനായി സംസ്ഥാന-ജില്ലാ-പ്രാദേശിക തലങ്ങളിൽ പുതുതായി സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള "കേരള സ്പോട്ട്സ് ബിൽ" നടപ്പു നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൊല്ലത്തും തൃശ്ശൂരും ഓരോ സ്പോർട്സ് പ്രോജക്ട് ഡെവലപ്പ്മെന്റ് ഏരിയാ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(സി) പുതിയ സെന്ററുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിൽ ഇല്ല.

183 (1543) മഞ്ചേശ്വരത്ത് മൈനർ പോർട്ട് ആരംഭിക്കുന്നതിനുള്ള നടപടി

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരത്ത് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള മൈനർ പോർട്ടിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുമോ;

(ബി) ഇതിനകം എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തിയായി;

(സി) പ്രസ്തുത മൈനർ പോർട്ട് നിർമ്മാണത്തിന് എത്ര രൂപയാണ് ചെലവാക്കാൻ ഉദ്ദേശിക്കുന്നത്; എസ്റ്റിമേറ്റ് പൂർത്തിയായോ;

(ഡി) മൈനർപോർട്ടിന്റെ പണി എപ്പോൾ പൂർത്തിയാക്കാൻ കഴിയും?

ഉത്തരം

(എ) മഞ്ചേശ്വരത്ത് ഒരു ചെറുകിട തുറമുഖം സ്ഥാപിച്ചുകൊണ്ട് സർക്കാർ 6.2.98-ലെ 8346/ഡി1/98/മതുവ നോട്ടിഫിക്കേഷൻ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ ചർച്ചകളും മറ്റും നടത്തിവരുന്നു.

(സി)&(ഡി) സ്വകാര്യ പങ്കാളിത്തത്തെയും അടിസ്ഥാന സൗകര്യങ്ങളെയും സംബന്ധിച്ച് തീരുമാനത്തിനനുസൃതമായിട്ടേ ഇക്കാര്യങ്ങൾ തീരുമാനിക്കുവാൻ കഴിയൂ.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

മി. സ്പീക്കർ : ഈ ചോദ്യോത്തരങ്ങളിൽ സ്റ്റാർഡ് ചോദ്യങ്ങൾ ദിവസവും, ഇപ്പോൾ 30 എണ്ണം ഉണ്ട്, വളരെ സ്ട്രിക്ട് ആയി പോയതു കൊണ്ടാണ് മൂന്ന് ചോദ്യങ്ങൾക്ക് എങ്കിലും ഫ്ളോറിൽ മറുപടി പറയാൻ കഴിഞ്ഞത്. അല്ലെങ്കിൽ രണ്ടെണ്ണമേ വരികയുള്ളൂ. സപ്ലിമെന്ററിയുൾപ്പെടെ വളരെ സ്ട്രിക്ട് ആയി പോയതുകൊണ്ടാണ്. (ബഹളം).....

അപ്പോൾ മനസ്സിലായില്ലേ, അതെ അതുകൂടി ചെയ്താൽ ഒരു ചോദ്യമേ സഭയിൽ വരികയുള്ളൂ, അതാണ് ഞാൻ പറയുന്നത്, അങ്ങേയ്ക്കു വേണ്ടി കൂടി പറയുകയാണ്. അതുകൊണ്ട് ഞാൻ കഴിഞ്ഞ ദിവസവും ഒരു നിർദ്ദേശം വച്ചു, ഒരു മണിക്കൂർ, ചോദ്യോത്തരവേള, എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നുള്ളത് ഒന്ന് ആലോചിക്കണം. ഞാൻ വച്ച സജഷൻ പരമാവധി ചോദ്യങ്ങൾ ഫ്ളോറിൽ വരണം, എന്നാലേ പ്രയോജനമുള്ളൂ. അല്ലെങ്കിൽ ഇങ്ങനെ വരും അച്ചടിച്ച് പോകും, അത്രയേ ഉള്ളൂ. അപ്പോൾ ഒരു ചോദ്യത്തിന് ഒരു പത്തു മിനിട്ട്, ഏറിയാൽ 15 മിനിട്ട് അതിൽ കൂടരുത്, അങ്ങനെയായാൽ ഒരു നാലോ, അഞ്ചോ ആറോ, ചോദ്യങ്ങൾ വരും. നമുക്ക് ആലോചിക്കാവുന്ന ഒരു കാര്യമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഇത് നമുക്ക് വളരെ പെട്ടെന്ന് തീരുമാനിക്കാവുന്ന വിഷയമല്ല, ഒരു ചർച്ച വേണ്ടതാണ്. ഹൗസിൽ ഇങ്ങനെ അവസാന ഡിസിഷൻ എടുക്കുന്നതിനേക്കാൾ നല്ലത്, ആലോചിച്ചു തീരുമാനിക്കുന്നതാണ്. സപ്ലിമെന്ററി ചോദ്യങ്ങൾ ചോദിക്കേണ്ട വിഷയമുണ്ട്, അത് വളരെ ഇംപോർട്ടന്റാണ്. കൂടുതൽ ചോദ്യങ്ങൾ വരികയും വേണം. അതിന് എന്താണ് മാർഗ്ഗം? അല്ലാതെ 10 മിനിട്ട്, പതിനഞ്ച് മിനിട്ട്, എന്നു പറഞ്ഞാൽ .... ചിലപ്പോൾ കസ്റ്റ്യൻസ് ഒക്കെ വളരെ പ്രധാനപ്പെട്ടതായിരിക്കും, അതുപോലെ പല പ്രശ്നങ്ങളും ബന്ധപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ നമുക്ക് ഏതെങ്കിലും ഒരു ദിവസം ചർച്ച ചെയ്തു തീരുമാനം എടുക്കുകയായിരിക്കും നല്ലത്.

മി. സ്പീക്കർ : തീരുമാനം എടുക്കുകയല്ല, ഞാൻ ഒരു നിർദ്ദേശം വച്ചതാണ്.

ശ്രീ. എ.കെ. ആന്റണി : ആ നിർദ്ദേശം വച്ചതുകൊണ്ട് പറഞ്ഞതാണ്. ഇവിടെയിരുന്ന് പെട്ടെന്ന് ഒരു തീരുമാനം എടുക്കാൻ പറ്റുന്നതല്ല.

മി. സ്പീക്കർ : താങ്ക്യൂ, ആലോചിക്കാം. അതുപോലെതന്നെ സെഷൻ തുടങ്ങിയിട്ട് രണ്ടാഴ്ച കഴിഞ്ഞിരിക്കുകയാണ്. ഞാൻ ഫസ്റ്റ് വീക്കിലേയും സെക്കന്റ് വീക്കിലേയും ചോദ്യോത്തരങ്ങൾ പരിശോധിച്ചു. പരിശോധിച്ചപ്പോൾ ആദ്യമൊക്കെ ചർച്ചയിൽപ്പെട്ട വിഷയമായതുകൊണ്ട് പറയുകയാണ്. വളരെ നല്ല ഇംപ്രൂവ്മെന്റ് ആണ് ചോദ്യോത്തരങ്ങളുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്, ആ ഫസ്റ്റ് വീക്കിലെ ചോദ്യങ്ങൾക്ക് സമയത്തുതന്നെ, ഒരു ദിവസം കഴിഞ്ഞപ്പോൾ, എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിച്ചിരുന്നു. സെക്കന്റ് വീക്കിലേയും ഞാൻ നോക്കി, സെക്കന്റ് വീക്കിൽ 2/7/'99 വരെയുള്ള, കഴിഞ്ഞ വെള്ളി

LIBRARY ARCHIVES Kerala Legislative Assembly